പതിമൂന്നാം കേരള നിയമസഭ
പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
നിയമസഭാ ചോദ്യം നമ്പർ: 98

4.12.2014ൽമറുപടിയ്ക്ക്

# കയർമേഖലയിലെ പ്രതിസന്ധി

| ചോദ്യം<br>ശ്രീ. ജി.സുധാകരൻ<br>ഡോ.ടി.എം. തോമസ് ഐസക്<br>ശ്രീ.സി.കെ.സദാശിവൻ<br>ശ്രീ.സി.രവീന്ദ്രനാഥ് | ഉത്തരം<br>ശ്രീ.അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പുമന്ത്രി) |
|---|---|
| (എ) കയർമേഖലയിലെ പ്രതിസന്ധി അതീവ രൂക്ഷമായി തുടരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ)കയറിന്റെയും കയർ ഉൽപന്നങ്ങളുടെയും നിർമ്മാണത്തിനാവ്ശ്യമായ ചകിരിയുടെ ദൗർലഭ്യവും അടിക്കടിയുണ്ടാവുന്ന വിലവ്യതിയാനവും, കയർ മേഖലയെ അപേക്ഷിച്ച് നിർമ്മാണ മേഖല ഉൾപ്പെടെ കൂലി കൂടുതലുള്ള മറ്റു മേഖലകളിലേക്കുള്ള തൊഴിലാളികളുടെ കൊഴിഞ്ഞുപോക്കും ഉൾപ്പെടെയുള്ള കയർ മേഖലയിലെ പ്രതിസന്ധി ശ്രദ്ധയിൽപ്പെട്ട് നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (ബി) കയർ മേഖലയുടെ തകർച്ചക്കിടയായ സാഹചര്യം വിലയിരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ; പരിഹാര നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; | (ബി) കയർമേഖലയിലെ പ്രതിസന്ധി വിലയിരുത്തി നടപടി സ്വീകരിച്ചിട്ടുണ്ട്. ചകിരി ദൗർലഭ്യം പരിഹരിക്കുന്നതിന് ഇടക്കാല ആശ്വാസം എന്ന നിലയിൽ സബ്സിഡി നിരക്കിൽ ചകിരി നൽകിയിരുന്നു. ഒരു ശാശ്വത പരിഹാരം എന്ന നിലയിൽ തൊണ്ടു സംഭരണം വർദ്ധിപ്പിച്ച് ചകിരി ഉൽപ്പാദനം ശക്തിപ്പെടുത്താനുള്ള ഒരു പദ്ധതി സർക്കാർ പരിഗണിച്ചു വരികയാണ്.നാളികേര വികസന ബോർഡുമായുള്ള ഒരു പദ്ധതിയ്ക്ക് അംഗീകാരം നൽകിക്കഴിഞ്ഞു. കയർ മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന്റെ ഭാഗമായി 27/02/2014, 02/03/2014, 30/05/2014 തീയതികളിൽ ബഹു. റവന്യു - കയർ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ കയർ മേഖലയിൽ പ്രവർത്തിക്കുന്ന ട്രേഡ് യൂണിയൻ പ്രതിനിധികളുമായി ചർച്ചകൾ നടന്നിട്ടുണ്ട്. കൂടാതെ മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 28/01/2014 ൽ കയർ മേഖല ഉൾപ്പെടെ പരമ്പരാഗത വ്യവസായ മേഖലയുമായി ബന്ധപ്പെട്ട് ചർച്ച നടത്തി നടപടി സ്വീകരിച്ചു വരുന്നു. |

| | |
|---|---|
| (സി)തൊണ്ടിന്റെയും ചകിരിയു ടെയും ദൗർലഭ്യം മൂലം തൊഴിൽദിനങ്ങൾ നഷ്ട പ്പെട്ട് തൊഴിലാളികൾ പട്ടിണിയിലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടി ട്ടുണ്ടോ ; | (സി) തൊണ്ടിന്റേയും ചകിരിയുടേയും ദൗർലഭ്യം ശ്രദ്ധയിൽപ്പെട്ടതിന്റെ ഭാഗമായി സബ്സിഡി നിരക്കിൽ ചകിരി കയർമേഖല യിലെ സഹകരണ സംഘങ്ങൾക്കും പൊതുമേ ഖലാസ്ഥാപനങ്ങൾക്കും വിതരണം ചെയ്തിരു ന്നു. |
| (ഡി)ഉല്പാദന ചെലവിന് അനുസൃതമായ വില നൽകി കയറുല്പന്നങ്ങൾ സംഭരിക്കുന്നതിന് കയർ സംഘങ്ങളെ സജ്ജമാക്കാൻ നടപടി സ്വീകരിക്കുമോ? | (ഡി) ഉല്പാദന ചെലവിന് അനുസൃതമായ വില നൽകി കയറുല്പന്നങ്ങൾ സംഭരിക്കുന്നതിന് കയർ സംഘങ്ങളെ സജ്ജമാക്കാൻ നടപടികൾ സ്വീകരിച്ചുവരുന്നു. കയർ സഹകരണ സംഘങ്ങളുടെ പ്രവർത്തനം ഊർജ്ജിതമാക്കുന്നതിന് എല്ലാ വിധ സഹായങ്ങളും സർക്കാർ നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ